പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1339

02.03.2017-ൽ മറുപടിക്ക്

## റവന്യൂ വകുപ്പ് പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിച്ച നടപടി

| ചോദ്യം<br>ശ്രീ.എം.രാജഗോപാലൻ | | മറുപടി<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | പട്ടികജാതി മൊഗർ സമുദായം എന്ന പരിഗണനയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം ലഭിച്ച് 30 വർഷം സർവ്വീസ് പൂർത്തിയാക്കി റിട്ടയർ ചെയ്ത ശ്രീമതി.എം.സുലേഖയ്ക്ക് പ്രൊമോഷനും പെൻഷനും നിഷേധിച്ചത് ഏത് കാരണത്താലാണെന്ന് വ്യക്തമാക്കാമോ; | എ) | സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന 09.06.1978 ൽ റവന്യൂ വകുപ്പിൽ പട്ടികജാതി സമുദായമായ 'മൊഗർ' എന്ന ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ശ്രീമതി.എം.സുലേഖ ജോലിയിൽ പ്രവേശിച്ച എന്ന ആരോപണത്തിൻ മേൽ നടത്തിയ അന്വേഷണത്തിൽ ടിയാൾ പട്ടികജാതി (മൊഗർ) വിഭാഗത്തിൽപെടുന്നയാളല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 10.01.2003, 19.02.2003 തീയതികളിലെ G.O.(Ms)No.3/03/SCSTDD, G.O.(Ms)No.22/03/SCSTDD എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.എം.സുലേഖയെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിരുന്നു. എന്നാൽ ഇതിനെതിരായി ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളെ സർവ്വീസിൽ തുടരാനനുവദിക്കുകയും 30.11.2008-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്ക്രൂട്ടിനി കമ്മിറ്റി നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾ പട്ടികജാതി (മൊഗർ) വിഭാഗത്തിൽ പെടുന്നയാളല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി)<br>&<br>(സി) | ഇതേ ലിസ്റ്റിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ച (മൊഗർ സമുദായാംഗമായി) ഇവരുടെ ബന്ധുവും ജൂനിയറുമായ ശ്രീമതി.സുലോചനയ്ക്ക് ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകുകയും റിട്ടയർമെന്റ് ആനുകൂല്യം നൽകുകയും ചെയ്യപ്പോൾ അതേ ആനുകൂല്യങ്ങൾ സീനിയർ ഉദ്യോഗസ്ഥയായ ശ്രീമതി.എം. സുലേഖയ്ക്ക് നൽകാതിരുന്ന റവന്യൂ വകുപ്പിന്റെ വിവേചനം ഏത് നിയമത്തിന്റെയും തത്വത്തിന്റെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ;<br><br>പാർക്കിൻസൻസ് രോഗം കാരണം പരാശ്രിതയായ ശ്രീമതി സുലേഖയ്ക്ക് പൂർവ്വകാല പ്രാബല്യത്തോടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ, വ്യക്തമാക്കാമോ ? | (ബി) യും<br>(സി) യും | ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.സുലേഖയുടെ ജാതി സംബന്ധിച്ച് പുനരന്വേഷണം നടത്തിയ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സ്ക്രൂട്ടണി കമ്മറ്റിയുടെ 2/4/2012-ലെ 8675/ജി2/10/പജപവവിവ നം. നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ 9/8/2012-ലെ സ.ഉ.(എം.എസ്) 67/12/പജപവവിവ ഉത്തരവു പ്രകാരം ശ്രീമതി. എം.സുലേഖയുടെ പട്ടികജാതി (മൊഗർ) വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന വാദം പ്രസ്തുത വകപ്പ് നിരാകരിക്കുകയും. തുടർന്ന് ടിയാൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ തടസ്സമില്ലെങ്കിലും ടിയാൾക്ക് പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ലെന്ന് 13.09.2012-ലെ 290896/സി 2/10/ആർ.ഡി നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറെ സർക്കാർ നിർദ്ദേശം നൽകിയിരുന്നു.<br>റവന്യൂ വകുപ്പിൽ നിന്നും ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ വിരമിച്ച ശ്രീമതി.ഇ.സുലോചനയുടെ പെൻഷൻ ആനുകൂല്യങ്ങൾ തടസ്സപ്പെട്ടിട്ടുള്ളതായ യാതൊരുവിധ പരാതിയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതായത് അവർക്കെതിരെ ജാതി സംബന്ധിച്ച യാതൊരുവിധ പരാതിയും അവർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതുവരെ ആരും ഉന്നയിച്ചിട്ടില്ലെന്നും, അവരുടെ ജാതി സംബന്ധിച്ച യാതൊരുവിധ അന്വേഷണവും നടന്നിട്ടില്ലെന്നുമുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.<br>എം.സുലേഖയുടെ ഭർത്താവായ ശ്രീ.പി.പി കുഞ്ഞികൃഷ്ണന്റെ നിവേദനം അനുഭാവപൂർവ്വം പരിഗണിച്ച് ടിയാരിയ്ക്ക് കുടുംബപെൻഷൻ ലഭിക്കുന്നതിന് അർഹതയില്ലെങ്കിലും പെൻഷൻ കുടിശ്ശിക ആനുകൂല്യങ്ങൾ തടസപ്പെടുത്തേണ്ടതില്ല എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പരേതയായ എം.സുലേഖയുടെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ടിയാളുടെ ഭർത്താവും നോമിനിയുമായ ശ്രീ.പി.പി കുഞ്ഞികൃഷ്ണൻ ന് അനുവദിച്ചുകൊണ്ട് |

| | | | |
|---|---|---|---|
| | | | സ.ഉ(സാധാ)നം.4595/2021/റവ തീയതി 18.12.2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പെൻഷൻ ആനുകൂല്യങ്ങളായ കുടുംബപെൻഷൻ, DCRG എന്നിവ 18.12.2021 തീയതി പ്രാബല്യത്തിൽ ടിയാരിയുടെ ഭർത്താവായ ശ്രീ.പി.പി.കുഞ്ഞികൃഷ്ണന് അനുവദിച്ച നൽകിയിട്ടുണ്ട്. ടിയാരിയുടെ ലൈഫ് ടൈം അരിയേഴ്സ് (01.12.2008 മുതൽ 27.02.2017 വരെ) അനുവദിക്കുന്ന വിഷയത്തിൽ നിലവിലുള്ള സർവ്വീസ് ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ, അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ ഏതെങ്കിലും വാങ്ങാൻ കഴിയാതെ സർവീസ് പെൻഷണർ മരിച്ച് പോയാൽ പ്രസ്തുത തുക ജീവകാല കുടിശ്ശികയായി അവകാശികൾക്ക് വാങ്ങാവുന്നതാണ് എന്നാണ് കെ.എസ്.ആർ ഭാഗം 3 ചട്ടം 138 ൽ വ്യവസ്ഥ ചെയ്യിരിക്കുന്നത്. പരേതയായ സുലേഖയുടെ മരണം വരെ പെൻഷൻ അനുവദിക്കാത്തതിനാൽ ടിയാൾക്ക് പെൻഷന് അർഹതയില്ലാത്തതും ആകയാൽ പ്രസ്തുത പെൻഷൻ കുടിശ്ശിക ജീവകാല കുടിശ്ശികയായി ടിയാളുടെ ഭർത്താവായ ശ്രീ.പി.പി. കുഞ്ഞികൃഷ്ണന് അനുവദിക്കാൻ ചട്ട പ്രകാരം സാധ്യമല്ലാത്തതും 18.12.2021 ലെ സ.ഉ.(സാധാ) നം.4595/2021/റവ ഉത്തരവ് പ്രകാരമാണ് കുടുംബ പെൻഷൻ അനുവദിച്ചത് എന്നതിനാൽ കുടുംബ പെൻഷന് മുൻകാല പ്രാബല്യം നൽകുവാൻ നിർവാഹമില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ